## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5546 02/11/2016-ൽ മറുപടിക്ക്

### വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| | സംസ്ഥാനത്ത് വൈദ്യുതി കണക്ഷനുള്ള അപേക്ഷ നൽകിയാൽ സാധാരണഗതിയിൽ എത്ര ദിവസം കൊണ്ടാണ് പുതിയ കണക്ഷൻ നൽകുന്നതെന്ന് വ്യക്തമാക്കുമോ; | | കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടം 85(1) പ്രകാരം വിതരണശൃംഖല വിപുലീകരിക്കേണ്ട ആവശ്യമില്ലെങ്കിൽ അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവീസ് കണക്ഷൻ ലഭിക്കണമെന്ന് നിഷ്കർഷിക്കുന്നു. വിതരണ ശൃംഖല വിപുലീകരിക്കേണ്ട സാഹചര്യങ്ങളിൽ ചട്ടം 85(2) പ്രകാരം ആദ്യത്തെ ഒരു കിലോ മീറ്ററിനോ അതിന്റെ ഭാഗത്തിനോ 45 ദിവസവും തുടർന്ന് ഓരോ അധിക കിലോമീറ്ററിനോ അതിന്റെ ഭാഗത്തിനോ 15 ദിവസവും ആണ് കണക്ഷൻ ലഭ്യമാക്കേണ്ട സമയ പരിധി. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിറുത്തി സർവീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി ലക്ഷ്യമിടുന്നു. ഇതനുസരിച്ച് പുതിയതായി പോസ്റ്റോ ലൈനോ ആവശ്യമില്ലാത്ത കണക്ഷനുകൾ 2 പ്രവർത്തി ദിവസത്തിനുള്ളിലും, സപ്പോർട്ട് പോസ്റ്റ്/പോസ്റ്റ് ഇൻസർഷൻ വേണ്ട കണക്ഷനുകൾ 7 ദിവസത്തിനുള്ളിലും, ഓവർ ഹെഡ് ലൈൻ ആവശ്യമുള്ള കണക്ഷനുകൾ 15 ദിവസത്തിനുള്ളിലും നൽകുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ